10

# കർത്താവിന്റെ സ്നേഹമുള്ള അവസാന എഴുത്തുകൾ

## (2; 3)

പുതിയനിയമത്തിൽ നിറയെ എഴുത്തുകളാണ്: സഭകൾക്കും വ്യക്തികൾക്കും എഴുതിയിട്ടുള്ള ലേഖനങ്ങളാണ് ഇരുപത്തി - ഏഴിൽ ഇരുപത്തി - ഒന്നും. അവ എല്ലാം തന്നെ കർത്താവിന് തന്റെ ജനത്തോടുള്ള സ്നേഹവും കരുതലും പ്രകടിപ്പിക്കുന്നവയാണ്. അവന്റെ അവസാന എഴുത്തുകൾ നാം പഠിച്ചുകൊണ്ടിരിക്കുന്ന പുസ്തകത്തിലാണ്: വെളിപ്പാട്.[1] 2 ഉം 3 ഉം അദ്ധ്യായങ്ങളിൽ, ആസ്യയിലുള്ള ഏഴ് സഭകൾക്ക് യേശുവിൽനിന്നുള്ള എഴുത്തുകൾ കാണാം.[2]


എന്തിനാണ് എഴുത്തുകൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് ചിലർ സംശയിച്ചേക്കാം. അദ്ധ്യായം 1 ലെ യേശുവിന്റെ തേജസ് നാം കണ്ടുകഴിഞ്ഞാൽ, അദ്ധ്യായം 4 ലേയും 5 ലേയും സ്വർഗീയ മാഹാത്മ്യം കാണുവാൻ നാം തയ്യാറാകും. പകരം 2 ഉം 3 ഉം അദ്ധ്യായങ്ങളിൽ നാം കാണുന്നത് സഭകളുടെ കുറ്റങ്ങളാണ്. ചിലർ കരുതുന്നത് എഴുത്തുകൾ പുസ്തകത്തിൽ പിന്നീട് ചേർത്തതാണെന്നാണ്, എന്നാൽ അവ വെളിപ്പാടിന്റെ ഭാഗമായി ആരംഭത്തിൽ തന്നെ ഉണ്ടായിരുന്നതായി കയ്യെഴുത്തുപ്രതികൾ തെളിയിക്കുന്നു.

എന്തി*നാണ്* എഴുത്തുകൾ ഉൾപ്പെടുത്തിയത്? അവക്ക് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് എന്തു വിലയാണുണ്ടായിരുന്നത്, അവക്ക് ഇന്ന് എന്തു വിലയാണുള്ളത്? ഈ പാഠത്തിൽ, നാം ഏഴ് സഭകൾക്കുള്ള എഴുത്തുകൾ വിശദമായി നോക്കുമ്പോൾ, ആ ചോദ്യങ്ങൾക്കും മറ്റു ചോദ്യങ്ങൾക്കും നാം ഉത്തരം കണ്ടെത്തും.

### ഉദ്ദേശം വിശദമാക്കി

പല ഉദ്ദേശങ്ങളും നിറവേറ്റുന്നതാണ് ആ എഴുത്തുകൾ. ആദ്യമായി, പുസ്തകത്തെ പ്രായോഗികമാക്കുന്നു. എഴുത്തുകളില്ലെങ്കിൽ, 1:3 ലെ വെല്ലുവിളിയായ എഴുതിയിരിക്കുന്നത് “കേൾക്കുകയും,” “ശ്രദ്ധിക്കുകയും” ചെയ്യുക എന്നത് വലിയ അർത്ഥമില്ലാതെ പോകും, കാരണം അദ്ധ്യായം 2 ലും 3 ലും ശേഷമുള്ള ഭാഗത്തേക്കാൾ കല്പനകൾ നേരിട്ടു നൽകിയിരിക്കുകയാണ്.

രണ്ടാമതായി, തേജസ്ക്കരിക്കപ്പെട്ട കർത്താവിൽനിന്ന് അദ്ധ്യായങ്ങൾ 4 മുതൽ 22 വരെ ആ എഴുത്തുകൾ മാറ്റം വരുത്തുന്നു. സഭകൾക്കുള്ള യേശുവിന്റെ സന്ദേശത്തെ മൂന്നു - വിധത്തിൽ ശ്രദ്ധിക്കേണ്ടതാണ്.




(1) അവ അദ്ധ്യായം 1 ലേക്ക് *വീണ്ടും* നോക്കുന്നു. ഓരോ എഴുത്തിന്റേയും ആദ്യം, നമുക്ക് യേശുക്രിസ്തുവിനെ കുറിച്ചുള്ള വിവരണമുണ്ട്, അത് പൊതുവായി ആരംഭ ദർശനത്തിൽനിന്നുമുള്ളതാണ്.[3] (2) അവ യോഹന്നാന്റെ കാലത്തെ *ചുറ്റുമുള്ള* അവസ്ഥയിലേക്ക് നോക്കുന്നു. ഓരോ എഴുത്തിന്റേയും ഹൃദയഭാഗത്ത്, കാലങ്ങളിലെ വികാരം നമുക്ക് കിട്ടും, കരാണം ഓരോ ഇടവകക്കും യേശു പ്രത്യേകം വെല്ലുവിളിയാണ് നൽകുന്നത്. (3) അവ 4 മുതൽ 22 വരെ *മുന്നോട്ടുള്ള* അദ്ധ്യായങ്ങളിലേക്ക് നോക്കുന്നു. എഴുത്തുകളുടെ അവസാനം, ഓർപ്പിക്കുന്നവർക്കുള്ള വാഗ്ദാനം നൽകുന്നുണ്ട്.[4] ഉദാഹരണത്തിന്, എഫെസൊസിലെ സഭക്ക് എഴുതുമ്പോൾ നൽകിയ വാഗ്ദാനം ജീവവൃക്ഷത്തിന്റെ ഫലം തിന്നും എന്നായിരുന്നു (2:7), അവസാനത്തെ അദ്ധ്യായത്തിൽ നാം ജീവവൃക്ഷത്തെ വായിക്കുന്നുണ്ട് (22:2). സർദ്ദീസിലെ സഭക്ക് എഴുതുമ്പോൾ വാഗ്ദാനം ചെയ്തത്, "ജയിക്കുന്നവർ" "വെള്ളയുടുപ്പ് ധരിക്കും" എന്നാണ് (3:5); അദ്ധ്യായം 7-ൽ "വിജയിച്ച" ഒരു "മഹാ പുരുഷാരം" "സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പിൽ വെള്ളനിലയങ്കി ധരിച്ചു നിൽക്കും" (വാ. 9).

ഏറ്റവും മുഖ്യമായി, പുസ്തകത്തിലെ യേശുവിന്റെ ഉദ്ദേശം നിറവേറ്റുന്നതാണ് ആ എഴുത്തുകൾ: ഞെരുക്കത്തിലായിരുന്ന ക്രിസ്ത്യാനികളെ കൂടുതൽ ഉപദ്രവങ്ങൾക്കായി തയ്യാറാകുവാൻ ഉത്തേജിപ്പിക്കുവാനാണ് അവൻ ആഗ്രഹിച്ചത്. അവസാനം, നന്മ വിജയിക്കുമെന്ന് അവൻ അവർക്ക് ഉറപ്പും നൽകി. അവൻ അത് ചെയ്യുന്നതിനുമുൻപ് ഒരു ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടതായിട്ടുണ്ട്. വരുവാനിരുന്ന കൊടുങ്കാറ്റ് *നേരിടുവാൻ അവർ തയ്യാറായിരുന്നോ?* മൽസരികളായി അനുസരിക്കാതിരിക്കുന്നവരെ ദൈവത്തിന് അനുഗ്രഹിപ്പാൻ സാധ്യമല്ല.[5] സഭകൾക്ക് കർത്താവ് ഉത്തേജനം നൽകുന്നതിന് മുൻപ്, അവരെ പരീക്ഷിക്കേണ്ടിയിരുന്നു. പിന്നെ അവരെ ശക്തിയിൽ ഉറപ്പിക്കയും, അവരുടെ തെറ്റുകൾ തിരുത്തുകയും, അവരുടെ ഭയത്തിൽ ആശ്വസിപ്പിക്കയും ചെയ്യും.

അതുകൊണ്ട്, എഴുത്തുകളുടെ പ്രാഥമിക ഉദ്ദേശം, ഇടവകകൾ നേരിടുവാനിരിക്കുന്ന പോരാട്ടത്തിന് *ഒരുക്കുക* എന്നതായിരുന്നു. ആ എഴുത്തുകളെ കുറിച്ചുള്ള പഠനം നാം അവസാനിപ്പിക്കുന്നതിന് മുൻപ്, നാം നേരിടുന്ന ആത്മിയ പോരാട്ടത്തിലും അവ നമ്മെ ഒരുങ്ങുവാൻ സഹായിക്കുമെന്നും നാം കാണുന്നതാണ്.

## തുറന്നു കാട്ടിയ മാതൃക

എഴുത്തുകളിലെ മാതൃകയെ വേർതിരിച്ചെടുക്കുക പ്രയാസമുള്ള കാര്യമല്ല: എല്ലാം തുടങ്ങുന്നത് ഒരേ രീതിയിലാണ്, കേൾക്കേണ്ട വാക്കുകൾ അവസാനമാണ് നൽകിയിരിക്കുന്നത്, എല്ലാറ്റിലും "ജയിക്കുന്നവർക്ക്" വാഗ്ദാനവുമുണ്ട്. എങ്ങനെയായാലും, ആ മാതൃകയുടെ മുഴുവൻ വ്യാപ്തിയും ഉടനെ വ്യക്തമല്ലായിരിക്കാം. എഴുത്തുകളുടെ താരതമ്യത്തിന് സഹായിക്കുവാൻ, നിങ്ങൾക്ക് പൂരിപ്പിക്കുവാനായി കൊടുത്തിട്ടുള്ള ചാർട്ട് നോക്കുക. അതു സൂക്ഷ്മമായി പരിശോധിച്ച്, ഓരോ മൂലകവും എവിടെയാണെന്ന് കണ്ടെത്തി അദ്ധ്യായവും വാക്യവും ആ സ്ഥാനത്ത് എഴുതുക.

ചില ഒഴികഴിവോടുകൂടി, ഓരോ എഴുത്തിലും ഏഴ് മൂലകങ്ങൾ അടങ്ങിയിരിക്കുന്നു എന്നു പറയാം: (1) സംബോധനയും വന്ദനവും, (2) യേശുവിനെ കുറിച്ചുള്ള വിവരണം, (3) ഇടവകയെ മൊത്തത്തിൽ പ്രശംസിക്കൽ, (4) ഇടവകയെ മൊത്തത്തിൽ കുറ്റപ്പെടുത്തൽ, (5) മുന്നറിയിപ്പും, ഭീഷണിയും, (6) പ്രബോധിപ്പിക്കൽ, (7) വാഗ്ദാനം.[6]

ഓരോ എഴുത്തിലേയും *സംബോധന* ഏതാണ്ട് ഒരുപോലെയാണ്. ("[ഒരു പട്ടണത്തിലെ] സഭയുടെ ദൂതന്ന് എഴുതുക"), അതുപോലെ തന്നെയാണ് *പ്രബോധനവും* ("ആത്മാവ് സഭകളോട് പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ"). നാം കണ്ടതുപോലെ, രണ്ട് മൂലകങ്ങൾ പുസ്തകത്തിലെ ശേഷം ഭാഗത്തോട് ചേർന്നിരിക്കുകയാണ്: മിക്ക എഴുത്തുകളിലും, യേശുവിനെ കുറിച്ചുള്ള വിവരണം അദ്ധ്യായം 1 ലെ ദർശനത്തിൽനിന്നുള്ളതാണ് .പുസ്തകത്തിലെ ശേഷം ഭാഗങ്ങളിൽ *വാഗ്ദാനങ്ങൾ* വിപുലപ്പെടുത്തിയിട്ടുമുണ്ട്. അതുകൊണ്ട് എഴുത്തുകളിലെ വ്യത്യാസങ്ങൾ (3) ഉം (4) ഉം (5) ഭാഗങ്ങളിൽ വരുന്നുണ്ട്. ചാർട്ടിൽ കൊടുത്തിരിക്കുന്ന രണ്ട് സഭകളെ *പ്രശംസിക്കുന്നതായി* കാണുന്നില്ല, എന്നാൽ രണ്ട് സഭകളെ *കുറ്റപ്പെടുത്തുന്നു*മില്ല – അതുകൊണ്ട് *മുന്നറിയിപ്പുമി*ല്ല. നാം കാണുന്നതുപോലെ ഈ വ്യത്യാസങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണ്.

രൂപീകരണത്തെ കുറിച്ച് ഒരു പോയിന്റ് കൂടെ പറയേണ്ടതായിട്ടുണ്ട്: ആദ്യത്തെ മൂന്ന് എഴുത്തുകളിൽ, വാഗ്ദാനത്തിന് മുൻപാണ് പ്രബോധനം, എന്നാൽ അവസാനത്തെ നാല് എഴുത്തുകളിൽ വാഗാദാനം പ്രബോധനത്തിന് മുൻപാണ്. നാം മുൻപ് പറഞ്ഞതുപോലെ, വെളിപ്പാടിൽ പലപ്പോഴും ഏഴ് പറഞ്ഞിരിക്കുന്നതെല്ലാം മൂന്നിന്റേയും നാലിന്റേയും കൂട്ടമായിട്ടോ (അല്ലെങ്കിൽ നാലിന്റേയും മൂന്നിന്റേയും കൂട്ടമായിട്ടോ) ആയിരിക്കും. വെളിപ്പാട് പുസ്തകം ചിലർ വിചാരിക്കുന്നതുപോലെ, ബന്ധമില്ലാത്ത രംഗങ്ങളെ കൂട്ടിക്കുഴക്കുന്നതല്ല; അതിൽ അടുക്കും ചിട്ടയുമില്ലാത്ത ഒന്നുമില്ല.

ഏഴ് എഴുത്തുകളെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ നിങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കണമെങ്കിൽ, നിങ്ങൾ ആ ചാർട്ടിലെ ഓരോ സ്ഥാനത്തും ബന്ധപ്പെട്ട അദ്ധ്യായവും വാക്യവും എഴുതണം. അതിനുള്ള സഹായത്തിനായി അടുത്ത പാഠമായ, "ഹൃദയത്തിന് കുഴപ്പമുള്ള സ' " എന്നതിലെ മുഖ്യ തലവാചകങ്ങൾക്ക് ശേഷം വരുന്ന വാക്യങ്ങൾ നോക്കുക. ആ വാക്യങ്ങൾ "എഫെസൊസ്" എന്നതിന് നേരെയുള്ള ശൂന്യമായ കോളത്തിൽ എഴുതുക. വാക്യങ്ങൾ അതുപോലെ പകർത്തുമ്പോൾ, ക്രമത്തിൽ വരുന്ന വ്യത്യാസം ശ്രദ്ധിക്കുക. വാക്യങ്ങൾ 2 ലും 3 ലും ആണ് എഫെസ്യസഭയെ പ്രശംസിച്ചു തുടങ്ങുന്നത്, എന്നാൽ അത് അവസാനിപ്പിക്കുന്നത് വാക്യം 6 ലാണ്.

എഴുത്തുകളിൽ ഇതുപോലെയുള്ള നേരിയ വ്യത്യാസങ്ങൾ നിങ്ങൾക്ക് കാണുവാൻ കഴിയും.

''എഫെസൊസിന്'' കീഴിൽ വരുന്ന ബോക്സുകളെല്ലാം പൂരിപ്പിച്ചുകഴിഞ്ഞാൽ ചാർട്ടിലെ ബാക്കിയുള്ള കോളങ്ങൾ നിങ്ങൾക്ക് സ്വയമായി പൂരിപ്പിക്കുവാൻ കഴിയും. നിങ്ങൾക്ക് കൂടുതൽ സഹായം വേണമെന്നുണ്ടെങ്കിൽ തുയഥൈരയെ കുറിച്ചുള്ള പാഠം നോക്കുക. ("ഈസെബേൽ അംഗമായിരിക്കുന്നു സ'"). രൂപകൽപന നിങ്ങൾക്ക് മനസിൽ സൂക്ഷിക്കുവാനായി ആ പാഠത്തിൽ ഏഴ് – ഭാഗങ്ങളുള്ള ഒരു വിഭജനം നിലനിർത്തിയിട്ടുണ്ട്.

## പരിശോധിച്ച പോയിന്റുകൾ

ചാർട്ട് നിങ്ങൾ തന്നെ പൂരിപ്പിച്ചുകഴിയുമ്പോൾ, എഴുത്തുകൾ വിശദമായി പഠിക്കുന്നതിന് മുൻപ് അവയെ കുറിച്ച് മൊത്തത്തിൽ ഒരു വികാരം നിങ്ങൾക്ക് കിട്ടിയിരിക്കും. (ഈ പുസ്തകത്തിൽ അവസാനം കൊടുത്തിരിക്കുന്ന ഉത്തരങ്ങളുമായി നിങ്ങൾ പൂരിപ്പിച്ചത് ഒത്തു നോക്കുക.) യേശു സഭകളുടെ മദ്ധ്യേ നടക്കുന്ന ദർശനത്തിന്റെ കാഴ്ച്ച നഷ്ടമാകരുത്, അവയെ പരിശോധിച്ച് വരുവാനിരിക്കുന്ന അഗ്നിപരീക്ഷയെ നേരിടുവാൻ ഒരുങ്ങുകയും ചെയ്യുക. അവർക്ക് ആവശ്യമുള്ള പാഠങ്ങൾ എന്തെല്ലാമാണെന്നാണ് നിങ്ങൾക്ക് തോന്നുന്നത്? ഹരോൾഡ് ഹസെലിപ് ഈ നിർദ്ദേശം നൽകിയിരിക്കുന്നു:

> ഓരോ എഴുത്തിലും വ്യത്യസ്തമായ ഒരു കുറിപ്പ് – ഒറ്റ പദപ്രയോഗം അതിലെ സന്ദേശത്തെ മുഴുവനും കോർത്തിണക്കുന്നു. ആ വ്യത്യസ്ത കുറിപ്പുകൾ നാം യോജിപ്പിക്കുകയാണെങ്കിൽ, കർത്താവ് ഇന്ന് തന്റെ സഭയിൽനിന്നും പ്രതീക്ഷിക്കുന്ന ഏഴ് – പോയിന്റുള്ള നല്ല ഒരു വിവരണം നമുക്ക് ലഭിക്കും.[7]

ഹസെലിപ് പിന്നെ ഓരോ സഭക്കുമുള്ള താക്കോൽ വാക്കുകൾ നിർദ്ദേശിക്കയുണ്ടായി: എഫെസൊസ് സഭ അതിന്റെ ആദ്യ*സ്നേഹ*ത്തിലേക്ക് മടങ്ങിവരേണ്ടിയിരുന്നു (2:4); സ്മുർന്നയിലെ സഭ *കഷ്ടത*ക്കായി ഒരുങ്ങേണ്ടിയിരുന്നു (2:10); പെർഗമൊസ് സഭ *സത്യ*ത്തിനുവേണ്ടി നിൽക്കേണ്ടിയിരുന്നു (2:14, 15); തുയഥൈര സഭക്ക് വലിയ *വിശുദ്ധി* ആവശ്യമായിരുന്നു (2:20); സർദ്ദീസിലെ സഭക്ക് *ആത്മാർത്ഥത*ക്കുറവായിരുന്നു ഉണ്ടായിരുന്നത് (3:1); *സുവിശേഷീകരണ*ത്തിനുള്ള അവസരം ഉപയോഗിക്കുവാനാണ് ഫിലെദെൽഫിയയിലെ സഭയോട് പറഞ്ഞത് (3:8); ലവൊദിക്യസഭ *സമർപ്പണ*ക്കുറവിന് ശാസിക്കപ്പെട്ടു (3:15).[8] ഹസെലിപ് ഇങ്ങനെ അവസാനിപ്പിച്ചു, "ഓരോ ഇടവകയിലേയും സ്വഭാവങ്ങൾ നാം യോജിപ്പിച്ചാൽ – സ്നേഹം, കഷ്ടത, സത്യം, വിശുദ്ധി, ആത്മാർത്ഥത, സുവിശേഷീകരണം, സമർപ്പണം എന്നിവയാൽ – നമുക്ക് ദൈവജനത്തിന്റെ ഒരു മാതൃകാ സമൂഹം ലഭിക്കും."[9]

ആ എഴുത്തുകളെ നാം പരിശോധിച്ചാൽ, ഇന്ന് സഭക്ക് വേണ്ട പ്രായോഗിക ഉപദേശത്തിൽ നിങ്ങൾ വിസ്മയിക്ക തന്നെ ചെയ്യും. ആസ്യയിലെ ഏഴ് സഭകൾക്ക് നൽകിയ പാഠങ്ങൾ ഇന്ന് നമുക്ക് *ആവശ്യ*മാണ്.

**ഉപസംഹാരം**

ആസ്യയിലെ ക്രിസ്ത്യാനികളുടെ വഴിയിൽ കുഴപ്പങ്ങളുണ്ടായിരുന്നു. നമുക്കും കുഴപ്പങ്ങൾ വരുവാനിരിക്കുന്നു. അവർ അനുഭവിച്ച രീതിയിലുള്ള കുഴപ്പമോ അല്ലെങ്കിൽ വ്യത്യസ്തമായ കുഴപ്പമോ ആയിരിക്കാം, എങ്കിലും അവ നമ്മുടെ ആത്മാക്കളെ പരീക്ഷിക്കും. ജീവിതത്തിൽ കൊടുങ്കാറ്റു വരുമ്പോൾ അതിനായി ഒരുങ്ങുവാനാണ് കർത്താവ് ആദ്യ ക്രിസ്ത്യാനികളോട് പറഞ്ഞത്; അതുകൊണ്ട് അവരുടെ തെറ്റുകൾ തിരുത്തി, പരിശോധിച്ച് അവരെ ശക്തിപ്പെടുത്തി. ഓർമ്മിക്കുക: മൽസരിച്ച് അനുസരിക്കാതിരിക്കുന്ന ഒരു ജനത്തെ ദൈവത്തിന് അനുഗ്രഹിക്കുവാൻ സാധ്യമല്ല.

എന്തുവന്നാലും *അതിനെ* നേരിടുവാൻ നാം ഒരുങ്ങണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു. ഇപ്പോഴും മൂന്നു വസ്തുതകളെ ആസ്പദമാക്കിയാണ് ഒരുങ്ങുന്നത്: ശക്തിയും ബലഹീനതയും സത്യസന്ധമായി വിലയിരുത്തുകയും, ശക്തി ബലപ്പെടുത്തുകയും, തെറ്റുകുറ്റങ്ങൾ തിരുത്തുകയും വേണം. നിങ്ങൾ ബഹുമാനിക്കുവാനും വിശ്വസിക്കുവാനും ഒരാളെ കണ്ടെത്തുവാനാഗ്രഹിക്കുന്നുവെങ്കിൽ, പിന്നെ, തെറ്റുകൾ തിരുത്തി ശക്തി വർദ്ധിപ്പിച്ച് നിങ്ങളെത്തന്നെ സമർപ്പിക്കുക.

നമ്മിൽ ഓരോരുത്തൻ അവനവനോട് തന്നെ ചോദിക്കുക: "ജീവിതത്തിലെ യുദ്ധങ്ങൾ നേരിടുവാൻ ഞാൻ തയ്യാറാണോ?"; "ആ യുദ്ധങ്ങൾ ക്ക് ഞാൻ എന്തു തയ്യാറെടുപ്പാണ് നടത്തേണ്ടത്?"; "അതിന് ആവശ്യമുള്ളതെന്തായാലും അതിന് എനിക്ക് മനസുണ്ടോ?"[10] ആ വെല്ലുവിളിയിൽ ദൈവം നിങ്ങളെ സഹായിക്കട്ടെ!

---

കുറിപ്പുകൾ

[1]ഡൊമീഷ്യന്റെ വാഴ്ച്ചയുടെ അവസാനകാലത്താണ് വെളിപ്പാട് എഴുതിയത് എന്ന് ആ പ്രസ്താവന ഉറപ്പിക്കുന്നു. [2]ഈ പുസ്തകത്തിൽ ആദ്യം വന്ന, "വെളിപ്പാടിനെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട ഏഴ് വസ്തുതകൾ" എന്ന ആമുഖ പാഠത്തിൽ, വെളിപ്പാട് ആദ്യം സംബോധന ചെയ്തത് "അന്നുണ്ടായിരുന്ന ഏഴ് സഭകൾക്കാണ്" എന്ന് ഞാൻ ഊന്നി പറയുകയുണ്ടായി. ആ സഭകൾ യോഹന്നാന്റെ കാലത്ത് വാസ്തവത്തിൽ ഉണ്ടായിരുന്ന സഭകളാണ്, *അല്ലാ*തെ അത് "സഭയുടെ ഏഴ് യുഗത്തെ" പ്രതിനിധീകരിക്കുന്നതല്ല എന്ന് ഞാൻ വീണ്ടും ഊന്നി പറയട്ടെ. [3]ഇതിന് ഒരു ഒഴികഴിവ് നാം കാണുന്നു: ലവൊദിക്യസഭക്കുള്ള എഴുത്തിൽ അദ്ധ്യായം 1 ൽനിന്ന് ഒരു പ്രകടനം എടുത്തിരിക്കുന്നു എന്ന് പറയാം (1:5; 3:14). [4]വെളിപ്പാടിലെ ശേഷം ഭാഗങ്ങളിലെ ചില വാഗ്ദാനങ്ങളുമായുള്ള ബന്ധം വ്യക്തമാണ്: മറ്റു ബന്ധങ്ങൾ അത്ര വ്യക്തമല്ല. നാം ഓരോ എഴുത്തും നോക്കുമ്പോൾ, മിക്ക ബന്ധങ്ങളും ചൂണ്ടികാണിക്കും. [5]ഉദാഹരണമായി, യോശുവ 7:1–26 നോക്കുക. [6]ആ ഏഴ് മൂലകങ്ങളുടേയും തലവാചകം ഒരേ അക്ഷരത്തിൽ തുടങ്ങുന്നതുപോലെ പുനക്രമീകരണം നടത്താം, ഉദാഹരണത്തിന് ഇംഗ്ലീഷിൽ കമീഷൻ ("ദൂതന്ന് ..."), ക്യാരക്ടർ (യേശുവിനെ കുറിച്ചുള്ള വിവരണം), കമെന്റേഷൻ, കണ്ടംനേഷൻ, കറക്ഷൻ (മുന്നറിയിപ്പ്), കാൾ ("ആത്മാവ് പറയുന്നത് കേൾക്കുക"), ചലഞ്ച് ("ജയിക്കുന്നവന്"). എന്റെ അനുഭവത്തിൽ അവ എല്ലാം ഒരേ അക്ഷരത്തിൽ തുടങ്ങാതിരിക്കുന്നതാണ് ഓർമ്മിക്കുവാൻ എനിക്ക് എളുപ്പം. [7]ഹരോൾഡ് ഹസെലിപ്, *ദ ലോർഡ് റെയിൻസ്: എ സർവേ ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ* (അബിലീൻ ടെക്സ്.: ഹെറാൾഡ്

ഓഫ് ട്രൂത്ത്, എൻ.ഡി.), 5. [8]ഇബിഡ്., 5, 6 (വാക്യങ്ങൾ ചേർത്തിട്ടുണ്ട്). [9]ഇബിഡ്., 6. [10]ഇത് ഒരു പ്രസംഗത്തിന് ഉപയോഗിക്കുകയാണെങ്കിൽ, ക്രിസ്ത്യാനികളായി തീരാത്തവരുണ്ടെങ്കിൽ അവർ സ്നാനത്താൽ യേശുവിലുള്ള അവരുടെ വിശ്വാസം ആദ്യം പ്രകടമാക്കുവാൻ പറയണം (പ്രവൃത്തികൾ 2:36-38).

---

**പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ**

1. കയ്യെഴുത്തുപ്രതികളുടെ തെളിവനുസരിച്ച്, ആ ഏഴ് എഴുത്തുകൾ എപ്പോഴും വെളിപ്പാടിന്റെ ഭാഗം ആയിരുന്നോ?
2. പാഠമനുസരിച്ച്, ഏഴുത്തുകളുടെ മൂന്ന് ഉദ്ദേശങ്ങൾ ഏവ? മറ്റെന്തെങ്കിലും ഉദ്ദേശം നിങ്ങൾക്കു കാണുവാൻ കഴിയുന്നുണ്ടോ? പ്രാഥ മികമായ ഉദ്ദേശം എന്തായിരുന്നു?
3. എഴുത്തുകളെ നാം "മൂന്നു - വിധത്തിൽ" ശ്രദ്ധിക്കണം എന്ന് പാഠം പറയുന്നു. എന്താണ് അതിന്റെ അർത്ഥം?
4. സഭകളെ അവരുടെ ശക്തിയിൽ *ഉറപ്പിക്കുവാനും*, തെറ്റുകളെ *തിരുത്തുവാനും*, ഭയത്തിൽ അവരുടെ ഹൃദയങ്ങളെ *ആശ്വസിപ്പിപ്പാന ും* കർത്താവ് ആഗ്രഹിക്കുന്നു എന്ന് പാഠം പറയുന്നു. നാം മറ്റുള്ളവർക്ക് വേണ്ടി എന്തു ചെയ്യണമെന്ന് കർത്താവ് പറഞ്ഞിരിക്കുന്നതുമായി താരതമ്യം ചെയ്യുക (2 തിമൊഥെയൊസ് 4:2).
5. എഴുത്തുകളിലെ ഏഴ് മൂലകങ്ങൾ ഏവ?
6. നിങ്ങൾ ചാർട്ട് പൂരിപ്പിച്ചു കഴിഞ്ഞോ? കഴിയുമെങ്കിൽ, നിങ്ങൾ പൂരിപ്പിച്ചതും മറ്റുള്ളവർ പൂരിപ്പിച്ചതുമായി ഒത്തു നോക്കുക.
7. ഏഴ് ഇടവകകളുടെ സാഹചര്യങ്ങളേയും ചുരുക്കി പറയുവാൻ ഏതു താക്കോൽ വാക്കുകളാണ് ഹരോൾഡ് ഹസെലിപ് ഉപയോഗിച്ചത്?
8. നിങ്ങളുടെ ശക്തിയും ബലഹീനതയും സ്വയമായി പരിശോധിക്കുവാൻ നിങ്ങൾക്ക് സമയം കിട്ടിയോ? ആ വിലയിരുത്തലിന് നിങ്ങൾക്ക് സഹായം ആവശ്യമാണോ?